## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1687** **05-07-2022 - ൽ മറുപടിയ്ക്ക്**

## സർവ്വകലാശാലകളിലെ പരീക്ഷാ ക്രമക്കേടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സർവ്വകലാശാലകളിലെ പരീക്ഷാ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കുമോ; | (എ) | കണ്ണൂർ സർവ്വകലാശാലയിൽ പരീക്ഷാ കേന്ദ്രത്തിലേക്ക് ചോദ്യപേപ്പർ മാറി നൽകിയതും മുൻവർഷത്തെ ചോദ്യപേപ്പർ ആവർത്തിച്ച് വന്നതുമായ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണ കമ്മിറ്റികൾ രൂപീകരിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണ കമ്മിറ്റി ലഭ്യമാക്കിയ റിപ്പോർട്ടുകൾ വൈസ് ചാൻസിലർ സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിക്കുകയും, അന്വേഷണ കമ്മിറ്റിയുടെ കണ്ടെത്തലുകളും തിരുത്തൽ നടപടികളും വൈസ് ചാൻസിലർ മുൻപാകെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിലെ ചില കോഴ്സുകളുടെ പരീക്ഷാ ചോദ്യക്കടലാസുകൾ മുൻ തവണത്തേത് അതേപടി ആവർത്തിച്ചതിനാൽ, പ്രസ്തുത ബിരുദ കോഴ്സുകളുടെ പരീക്ഷകൾ മാറ്റി നടത്തുകയും ടി പരീക്ഷകളുടെ ഫലം കാലതാമസമില്ലാതെ പ്രഖ്യാപിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ ചോദ്യപേപ്പർ ആവർത്തിക്കുന്നത് ഒഴിവാക്കുന്നതിനായി, 2020 പ്രവേശനം മുതൽ സർവ്വകലാശാല പഠനവകുപ്പുകളിൽ നടപ്പിലാക്കിയ ചോദ്യബാങ്ക്, ഓട്ടോമേറ്റഡ് ചോദ്യപേപ്പർ ജനറേഷൻ & ഓൺലൈൻ ട്രാൻസ്മിഷൻ സംവിധാനം കോളേജ് തലത്തിൽ കൂടി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>**കേരള സർവ്വകലാശാല**യിലെ ശ്രീ. വിനോദ് എന്ന സെക്ഷൻ ഓഫീസറെ അനധികൃത മാർക്ക് ദാനവുമായി ബന്ധപ്പെട്ട് സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്.<br><br>**മഹാത്മാഗാന്ധി സർവ്വകലാശാല**യിൽ എം.ബി.എ. മാർക്ക് ലിസ്റ്റ് വിതരണവുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | കൈക്കൂലി വാങ്ങി എന്ന് ഒരു വിദ്യാർത്ഥിനിയുടെ പരാതിയിന്മേൽ വിജിലൻസ് അറസ്റ്റ് ചെയ്ത സർവ്വകലാശാലാ അസിസ്റ്റന്റിനെ ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തിരുന്നു. സിൻഡിക്കേറ്റ് സമിതിയുടെ അന്വേഷണ റിപ്പോർട്ട്, തുടർ അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി സിൻഡിക്കേറ്റിന്റെ പരിഗണനയി ലാണ്. വിഷയം വിജിലൻസിന്റെ അന്വേഷണത്തിലാണ്. |
| (ബി) | സർവ്വകലാശാലകളിൽ ഉപയോഗിക്കുന്ന പരീക്ഷാ സോഫ്റ്റ്വെയറുകളിൽ സെക്യൂരിറ്റി ഓഡിറ്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സർവ്വകലാശാലകളിൽ നടത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ; | (ബി) | **കണ്ണൂർ സർവ്വകലാശാല**യിൽ പരീക്ഷാ സോഫ്റ്റ് വെയർ ഉൾപ്പടെയുള്ള മൊത്തം ഐ.ടി.സിസ്റ്റം ഓഡിറ്റിംഗ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>**കാലിക്കറ്റ് സർവ്വകലാശാല** ഉപയോഗിക്കുന്ന പരീക്ഷാ സോഫ്റ്റ് വെയറുകളുടെ സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നതിനായി Centre for Development of Advanced Computing, Thiruvananthapuram (C-DAC) മായി കരാർ ഒപ്പുവെക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുന്നു.<br><br>**കേരള സർവ്വകലാശാല**യിൽ പരീക്ഷാ സംബന്ധമായി ഉപയോഗിക്കുന്ന വിവിധ സോഫ്റ്റ് വെയറിൽ ഒന്നായ പബ്ലിക് പോർട്ടൽ സോഫ്റ്റ് വെയറിൽ (exams.keralauniversity.ac.in) സെക്യൂരിറ്റി ഓഡിറ്റിംഗ് നടത്തിയിട്ടുണ്ട്. |
| (സി) | എം.ജി സർവ്വകലാശാലയിൽ എം.ബി.എ. പരീക്ഷ വിജയിപ്പിക്കുന്നതിനും പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നൽകുന്നതിനും കൈക്കൂലി വാങ്ങിയ സംഭവത്തിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | **എം.ജി. സർവകലാശാല**യിൽ എം.ബി.എ മാർക്ക് ലിസ്റ്റ് വിതരണവുമായി ബന്ധപ്പെട്ട് കൈക്കൂലി വാങ്ങി എന്ന് ഒരു വിദ്യാർത്ഥിനിയുടെ പരാതിയിന്മേൽ വിജിലൻസ് അറസ്റ്റ് ചെയ്ത സർവ്വകലാശാലാ അസിസ്റ്റന്റിനെ ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തിരുന്നു. സിൻഡിക്കേറ്റ് സമിതിയുടെ അന്വേഷണ റിപ്പോർട്ട്, തുടർ അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി സിണ്ടിക്കേറ്റിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ